**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1698 — 10.03.2020-ൽ മറുപടിയ്ക്ക്

**സർക്കാരിന്റെ വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സോഷ്യൽ മീഡിയ വഴി പ്രചരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാരിന്റെ ഒന്നാം വാർഷികം, രണ്ടാം വാർഷികം, ആയിരം ദിവസം എന്നിവയോട് അനുബന്ധിച്ച് സോഷ്യൽ മീഡിയ വഴി പ്രചരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രചരണം നടത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് മാത്രമാണ് സോഷ്യൽ മീഡിയ വഴി പ്രചരണം നടത്തിയിട്ടുള്ളത്. ഗ്ലോബൽ ഇനൊവേറ്റീവ് ടെക്നോളജീസ്, മൈത്രി അഡ്വർടൈസിങ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ വഴിയാണ് പ്രചരണം നടത്തിയത്. |
| (ബി) പ്രചരണത്തിന് എന്ത് തുക ഓരോ തവണയും പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന് വെളിപ്പെടുത്താമോ? | (ബി) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രചരണം നടത്തിയ വകയിൽ ഗ്ലോബൽ ഇനൊവേറ്റീവ് ടെക്നോളജീസിന് 28,44,750/- രൂപയും മൈത്രി അഡ്വർടൈസിങ് വർക്സ് പ്രൈവറ്റ് ലിമിറ്റഡിന് 85,000/- രൂപയും നൽകിയിട്ടുണ്ട്. ഇതിൽ വാർഷിക ആഘോഷത്തോടൊപ്പം നടത്തിയ മെട്രോയുടെ ഉദ്ഘാടനത്തിനുള്ള പ്രചാരണവും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ